STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369 email : scolekerala@gmail.com, www.scolekerala.org

നമ്പർ എ4/2495/26/സ്കോൾ കേരള തീയതി : 31.07.2026

സ്വീകർത്താവ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ
പൊതു വിദ്യാഭ്യാസ വകുപ്പ്
(വി.എച്ച്.എസ്,ഇ വിഭാഗം)
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്
ശാന്തി നഗർ, തിരുവനന്തപുരം

C1
01/08/26

സാർ,

വിഷയം : സ്കോൾ-കേരള - വി.എച്ച്.എസ്.ഇ - അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സ് 2026-28 ബാച്ച് പ്രവേശനം ആരംഭിച്ചത് - സംബന്ധിച്ച്

സൂചന : 1. 25.07.2026-ലെ ഇതേ നമ്പർ പ്രവേശന വിജ്ഞാപനം.
2. 27.03.20260ലെ 336/26/സ്കോൾ-കേരള നമ്പർ ഉത്തരവ്

സംസ്ഥാനത്തെ റഗുലർ വൊക്കേഷണൽ ഹയർസെക്കണ്ടറി 'ബി' ഗ്രൂപ്പ് വിദ്യാർത്ഥികൾക്കായി സ്കോൾ-കേരള നടത്തുന്ന അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന്റെ 2025-28 ബാച്ചിലേക്കുള്ള ഒന്നാം വർഷ പ്രവേശനത്തിന് സൂചന(1) പ്രകാരം അപേക്ഷ ക്ഷണിച്ചു. 27.07.2026 മുതൽ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ച് പിഴയില്ലാതെ **17.08.2026** വരെയും 100/- രൂപ പിഴയോടുകൂടി **03.09.2026** വരെയും ഫീസ് അടച്ച് www.scoelkerala.org എന്ന വെബ്സൈറ്റ് മുഖേന ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിന് ക്രമീകരണം ഒരുക്കിയിട്ടുണ്ട്. കോഴ്സ് സംബന്ധമായ വിവരങ്ങൾ ഉൾക്കൊള്ളിച്ചുള്ള പ്രൊസ്പെക്ടസും പ്രവേശന അറിയിപ്പും സ്കോൾ-കേരളയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സൂചന(2) പ്രകാരം 2026-27 വർഷം മുതൽ വി.എച്ച്.എസ്,ഇ അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന്റെ കോഴ്സ് ഫീസ് രണ്ടു വർഷത്തേക്ക് 1500/- രൂപയായി നിശ്ചയിച്ചിരുക്കുന്നു. അതോടൊപ്പം സമ്പർക്ക ക്ലാസുകളിലെ തിയറി ഓരോ വർഷവും 20 മണിക്കൂർ എന്നത് 30 മണിക്കൂർ ആയി ഉയർത്തുകയും രണ്ടാം വർഷ പ്രാക്ടിക്കൽ ക്ലാസ് 15 മണിക്കൂർ എന്നത് 20 മണിക്കൂറായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്കുള്ള പഠന സഹായികൾ സൗജന്യമായി വിതരണം നടത്തുകയും ചെയ്യുന്നതാണ്.

ഇപ്രകാരം സ്കോൾ-കേരള മുഖേന വി.എച്ച്.എസ്,ഇ അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സ് പഠിക്കുവാൻ അവസരമുള്ള വിവരം വി.എച്ച്.എസ്,ഇ യുടെ വെബ്സൈറ്റിലും, സ്കൂളുകൾക്കും അറിയിപ്പായി നൽകണമെന്നും കോഴ്സിന്റെ സംഘാടനവുമായി ബന്ധപ്പെട്ടുള്ള എല്ലാ സഹകരണവും ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.സൂചന പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതോടെ

STATE COUNCIL FOR OPEN AND LIFELONG EDUCATION
Vidhya Bhavan
Poojappura
Thiruvananthapurm
695012
SCOLE-KERALA

എക്സിക്യൂട്ടീവ് ഡയറക്ടർ

C5/A4//803

File No. VHSE/2329/2026-C1 (Computer No. 1950975)
Generated from eOffice by APSARA A, C1 VHSE-, C1 VHSE, VOCATIONAL HIGHER SECONDARY EDUCATION DEPARTMENT on 01/08/2026 04:20 PM

സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ്‌ലോങ് എജ്യൂക്കേഷൻ-കേരള (സ്കോൾ-കേരള)
വിദ്യാഭവൻ, പൂജപ്പുര പി.ഒ., തിരുവനന്തപുരം – 695012
website: www.scolekerala.org email: scolekerala@gmail.com
Ph: 0471-2342950, 2342271, 2342369

നമ്പർ: എ4/2495/2026/സ്കോൾ-കേരള (i) തീയതി: 25.07.2026

സ്കോൾ-കേരള - വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സ്-2026 -2028 ബാച്ച് പ്രവേശന വിജ്ഞാപനം

സ്കോൾ-കേരള മുഖേന നടത്തുന്ന വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന്റെ 2026-28 ബാച്ചിലേക്കുള്ള ഒന്നാം വർഷ പ്രവേശന നടപടികൾ 27.07.2026 ന് ആരംഭിക്കും. അപേക്ഷകർക്ക് www.scolekerala.org എന്ന വെബ്സൈറ്റ് മുഖേനെ 27.07.2026 മുതൽ ഫീസ് അടച്ച് ഓൺലൈനായി രജിസ്റ്റർ ചെയ്യാവുന്നതാണ്. കോഴ്സ് ഫീസ് ഓൺലൈൻ മോഡിൽ (ഇന്റർനെറ്റ് ബാങ്കിംഗ്, ഡെബിറ്റ്/ക്രെഡിറ്റ് കാർഡ്, യു.പി.ഐ.) അടയ്ക്കാവുന്നതാണ്. കോഴ്സ് വിവരങ്ങളും, ഫീസ് ഘടനയും, ഓൺലൈൻ രജിസ്ട്രേഷനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

കോഴ്സിന്റെ അംഗീകാരം	:	15.03.2007-ലെ സർക്കാർ ഉത്തരവ് (സഉ(സാധ) നം.1170/2007/പൊവിവ) ഉത്തരവ് അനുസരിച്ച്
പ്രവേശന യോഗ്യത	:	കേരള സ്റ്റേറ്റ് സിലബസ് പ്രകാരം ഒരു വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളിൽ റെഗുലർ കോഴ്സിന് ചേർന്ന് 'ബി' ഗ്രൂപ്പ് തിരഞ്ഞെടുത്ത് പ്രവേശനം നേടിയ വിദ്യാർഥിയായിരിക്കണം. 10.01.2019 ലെ സർക്കുലർ നം. Acad 3/2019 മുഖേന സി.ബി.എസ്.ഇ തന്നെ നിഷ്കർഷിച്ചിട്ടുള്ളത് കണക്കിലെടുത്ത് കേരള സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി കരിക്കുലം കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ Mathematics- Standard പാസ്സായിട്ടുള്ളവർക്ക് മാത്രമേ വൊക്കേഷണൽ ഹയർസെക്കണ്ടറി തലത്തിൽ Mathematics അഡീഷണലായി തിരഞ്ഞെടുക്കാൻ സാധിക്കുകയുള്ളു.
പഠന രീതി	:	ഓഫ്ലൈൻ
കാലാവധി	:	2 വർഷം
കോഴ്സ് സിലബസ്	:	വൊക്കേഷണൽ ഹയർസെക്കണ്ടറി റഗുലർ കോഴ്സിന്റെ സിലബസ്
കോഴ്സ് ഫീസ്	:	1500/- രൂപ (രണ്ട് വർഷത്തേക്ക്. കോഴ്സ് ഫീസ് ഒരുമിച്ച് ഒടുക്കേണ്ടതാണ്)
ഫൈൻ	:	100/- രൂപ (നിർദ്ദിഷ്ട പിഴകൂടാതെയുള്ള തീയതിക്ക് ശേഷം ഒരു നിശ്ചിത സമയ പരിധിവരെ 100/- രൂപ പിഴയോട് കൂടി ഫീസ് ഒടുക്കി രജിസ്റ്റർ ചെയ്യാൻ അവസരം ഉണ്ടാകും)

ഫീസൊടുക്കേണ്ട വിധം

കോഴ്സ് ഫീസായ 1500/- രൂപ ഒറ്റതവണയായി ഓൺലൈനായി അടയ്ക്കേണ്ടതാണ്.

ഓൺലൈൻ മുഖേന വിദ്യാർഥികൾ വ്യക്തിഗത വിവരങ്ങൾ എന്റർ ചെയ്തശേഷം പേയ്മെന്റ് മോഡിൽ ഓൺലൈൻ തെരഞ്ഞെടുത്ത് തുക ഒടുക്കാവുന്നതാണ്. ഡെബിറ്റ് കാർഡ് മുഖേനെ 6500/- രൂപ വരെയുള്ള ഫീസ് അടയ്ക്കുന്നതിനും യു.പി.ഐ. മുഖേനെയുള്ള ഇടപാടുകൾക്കും സർവീസ് ചാർജ് നൽകേണ്ടതില്ല. മറ്റ് സർവീസ് ചാർജിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

File No. VHSE/2329/2026-C1 (Computer No. 1950975)

Generated from eOffice by APSARA A, C1 VHSE-, C1 VHSE, VOCATIONAL HIGHER SECONDARY EDUCATION DEPARTMENT on 01/08/2026 04:20 PM

Sl. No.	Item	Service charge
1.	Debit Card Transactions upto Rs. 6500/-	Nil
2.	Debit Card Transactions above Rs. 6500/-	1.20% of Transaction amount+ GST
3.	All bank Rupay Debit Card (All amount)	Nil
4.	Credit Card (All amounts)	1.20% of Transaction amount+ GST
5.	UPI Transactions (All amounts)	Nil
6.	Internet Banking 1. SBI (All amounts) 2. Other Banks (All amounts)	 Rs. 5 + GST Rs. 7 + GST
ഓൺലൈൻ ട്രാൻസാക്ഷൻ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ടെന്ന് വിദ്യാർഥികൾ ഉറപ്പുവരുത്തേണ്ടതാണ്.		

രജിസ്ട്രേഷൻ

ഓരോ ജില്ലയിലും മാത്തമാറ്റിക്സ് വിഷയമുള്ള, തിരഞ്ഞെടുത്ത വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ പഠനകേന്ദ്രമായി അനുവദിക്കുന്നതായിരിക്കും.

- പഠനകേന്ദ്രം അനുവദിക്കുന്നതിന്റെ അന്തിമ തീരുമാനം സ്കോൾ കേരളയിൽ നിക്ഷിപ്തമായിരിക്കും.
- വിദ്യാർഥികൾക്ക് ഓരോ വർഷവും സി. ഇ. യുടെ ഭാഗമായി 30 മണിക്കൂർ തിയറി ക്ലാസുകൾ വീതം നൽകും. രണ്ടാംവർഷം തിയറി ക്ലാസ്സുകൾക്ക് പുറമേ 20 മണിക്കൂർ പ്രാക്ടിക്കൽ ക്ലാസ്സും അനുവദിക്കും.
- സമ്പർക്കക്ലാസുകളിൽ 100 ശതമാനം ഹാജർ നിർബന്ധമാണ്.
- റെഗുലർ മാത്തമാറ്റിക്സ് വിദ്യാർഥികൾക്ക് നൽകുന്ന സി.ഇ. മാനദണ്ഡങ്ങൾ അഡീഷണൽ മാത്തമാറ്റിക്സ് തെരഞ്ഞെടുക്കുന്ന വിദ്യാർഥികൾക്കും ബാധകമായിരിക്കും.
- അഡീഷണൽ മാത്തമാറ്റിക്സ് പരീക്ഷ വൊക്കേഷണൽ ഹയർസെക്കൻഡറി ഡയറക്ടറേറ്റ് നടത്തുന്നതായിരിക്കും.
- ഒന്നാംവർഷ അഡീഷണൽ മാത്തമാറ്റിക്സ് രജിസ്റ്റർ ചെയ്ത് സി. ഇ. ക്ലാസിൽ പങ്കെടുക്കുകയും, സസി.ഇ. രേഖകൾ സമർപ്പിച്ച് എഴുത്തു പരീക്ഷയിലൂടെ യോഗ്യത നേടിയ വിദ്യാർഥികളാണ് രണ്ടാംവർഷ അഡീഷണൽ മാത്തമാറ്റിക്സ് സി.സി.ഇ. ക്ലാസിൽ പങ്കെടുക്കുവാനും, പരീക്ഷ എഴുതുവാനും യോഗ്യരായവർ.

നിർദ്ദേശങ്ങൾ

- ഒന്നാംവർഷ പ്രവേശന അറിയിപ്പ് പ്രസിദ്ധപ്പെടുത്തുന്ന മുറയ്ക്ക് നിശ്ചിത സമയ പരിധിക്കുള്ളിൽ www.scolekerala.org എന്ന വെബ്സൈറ്റിലെ അഡ്മിഷൻ സ്യൂട്ടിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യേണ്ടതാണ്.
- വെബ്സൈറ്റിൽ വി.എച്ച്.എസ്.ഇ. അഡീഷണൽ മാത്തമാറ്റിക്സ് എന്ന ലിങ്കിൽ ക്ലിക്ക് ചെയ്താൽ അപേക്ഷയുടെ ഫീൽഡുകൾ ദൃശ്യമാകും.
- രജിസ്ട്രേഷൻ ആവശ്യത്തിന് അപ്ലോഡ് ചെയ്യേണ്ട ഫോട്ടോ jpg/jpeg ഫോർമാറ്റിൽ ഉള്ളതും (ആറുമാസത്തിനുള്ളിൽ എടുത്തത്) 24 കെ.ബി മുതൽ 60 കെ.ബി (100 x 150 മുതൽ 200 x 200 px) സൈസ് ഉള്ളതുമായിരിക്കണം. പാസ്പോർട്ട് സൈസ് ഫോട്ടോ അല്ലാത്ത അപേക്ഷ അസാധുവായി കണക്കാക്കും.
- നിരന്തരമൂല്യനിർണയ ക്ലാസ്സുകൾക്കായി വിദ്യാർഥികൾക്ക് മുൻഗണനാക്രമത്തിൽ ജില്ലയിലെ 2 പഠന കേന്ദ്രങ്ങൾ തെരഞ്ഞെടുക്കാവുന്നതാണ്. (വയനാട് ജില്ലയിൽ 1 കേന്ദ്രം മാത്രം) .
- സ്കോൾ-കേരള വെബ് സൈറ്റ് മുഖാന്തിരം ഓൺലൈനായി രജിസ്റ്റർ ചെയ്ത് ഡൗൺലോഡ് ചെയ്ത പ്രിന്റൗട്ടിനോടൊപ്പം സ്കോൾ-കേരള അക്കൗണ്ടിൽ ഓൺലൈനായി നിശ്ചിത ഫീസ് ഒടുക്കിയ അസൽ ഓൺലൈൻ ഫീസ് രസീത്, എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം നിശ്ചിത തീയതിക്കുള്ളിൽ അപേക്ഷ ജില്ലാകേന്ദ്രത്തിലോ, സ്കോൾ-കേരള സംസ്ഥാന ഓഫീസിലോ എത്തിക്കണം. കൂടുതൽ വിവരങ്ങൾക്ക് സ്കോൾ-കേരള വെബ്സൈറ്റിൽ (www.scolekerala.org) പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കൈപ്പുസ്തകം 2026 കാണുക.

File No. VHSE/2329/2026-C1 (Computer No. 1950975)

Generated from eOffice by APSARA A, C1 VHSE-, C1 VHSE, VOCATIONAL HIGHER SECONDARY EDUCATION DEPARTMENT on 01/08/2026 04:20 PM

അപേക്ഷ അയയ്ക്കേണ്ട വിലാസം

അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും രണ്ട് ദിവസത്തിനകം അതത് സ്കൂൾ പ്രിൻസിപ്പാളിന്റെ സാക്ഷ്യപ്പെടുത്തലോട് കൂടി എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.

ഓൺ ലൈൻ രജിസ്ട്രേഷൻ തുടങ്ങുന്ന തീയതി	-	27.07.2026
പിഴ കൂടാതെ ഫീസ് അടച്ച് ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്ന അവസാന തീയതി	-	17.08.2026
100/- രൂപ പിഴയോട് കൂടി ഫീസ് അടച്ച് ഓൺ ലൈൻ രജിസ്ട്രേഷൻ ചെയ്യാവുന്ന അവസാന തീയതി	-	03.09.2026

STATE COUNCIL FOR OPEN AND LIFELONG EDUCATION • KERALA • SCOLE-KERALA •
Vidhya Bhavan
Poojappura
Thiruvananthapuram
695012

എക്സിക്യൂട്ടീവ് ഡയറക്ടർ

13

A4/1355/25/SK

സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോങ് എഡ്യൂക്കേഷൻ - കേരള, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം
(ഹാജർ: ഡോ. ജിനേഷ് കുമാർ എം.എം)

സ്കോൾ-കേരള - ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സ് പ്രതിഫല നിരക്കുകളും കോഴ്സ് സംഘാടന മാനദണ്ഡങ്ങളും നിശ്ചയിക്കുന്നതിനും അതിനനുസൃതമായി വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് ഫീസ് നിരക്കും പ്രതിഫല നിരക്കുകളും മറ്റും ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സ്കോൾ-കേരള

ഉത്തരവ് നമ്പർ.336/2026/സ്കോൾ-കേരള

തീയതി: 27.03.2026

പരാമർശം : 1. 15.03.2007 ലെ സ.ഉ (സാധാ) നം. 1170/2007/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
2. 01.03.2025 ലെ സ.ഉ (സാധാ) നം. 1708/2025/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
3. 29.09.2025 ലെ സ.ഉ (സാധാ) നം. 7680/2025/പൊ.വി.വ നമ്പർ സർക്കാർ ഉത്തരവ്
4. 23.02.2026 ലെ എക്സിക്യൂട്ടീവ് കൗൺസിൽ 9-ാംമത് യോഗം ഐറ്റം നം. 4
5. 13.02.2026 ലെ 132/2026/സ്കോൾ-കേരള നമ്പർ ഉത്തരവ്

ഉത്തരവ്

സ്കോൾ-കേരള മുഖേന പരാമർശം (1) പ്രകാരം വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സും പരാമർശം (2) (3) പ്രകാരം ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സും സംഘടിപ്പിച്ചുവരുന്നു. ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സ് പ്രതിഫല നിരക്കുകളും കോഴ്സ് സംഘാടന മാനദണ്ഡങ്ങളും നിശ്ചയിക്കുന്നതിനും അതിനനുസൃതമായി വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് ഫീസ് നിരക്കും പ്രതിഫല നിരക്കുകളും മറ്റും ഏകീകരിക്കുന്നതിനും താഴെപ്പറയുന്ന വ്യവസ്ഥകൾ ഏർപ്പെടുത്തുന്നതിന് പരാമർശം (4) പ്രകാരം അനുമതി ലഭ്യമായിട്ടുണ്ട്. ആയത് പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

വ്യവസ്ഥകൾ

i) ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് വിഷയത്തിന്റെ സമ്പർക്ക ക്ലാസ്സുകളിൽ ഒരു ബാച്ചിൽ കുറഞ്ഞത് 35 വിദ്യാർത്ഥികളും, പരമാവധി 60 വിദ്യാർത്ഥികളും (10 പേർ മാർജിനലായും) ഉൾപ്പെടുത്തി ബാച്ചുകൾ രൂപീകരിക്കേണ്ടതാണ്.

ii) നിലവിൽ വിദ്യാർത്ഥി പഠിക്കുന്ന ഹയർസെക്കണ്ടറി സ്കൂളായിരിക്കും പരീക്ഷ കേന്ദ്രം. പ്രായോഗിക പരീക്ഷ നടത്തുന്നതിന് പ്രസ്തുത കേന്ദ്രത്തിൽ ലാബ് സൗകര്യം ഇല്ലാത്തപക്ഷം പരീക്ഷ ബോർഡ് സെക്രട്ടറി നിശ്ചയിക്കുന്നതായിരിക്കും പരീക്ഷകേന്ദ്രം.

iii) പഠനകേന്ദ്രം പ്രവർത്തിപ്പിക്കുന്നതിന് ഒരു കേന്ദ്രത്തിൽ കുറഞ്ഞത് 35 വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്തിരിക്കണം, ഇതിൽ കുറവ് വന്നാൽ ജില്ലയിലെ മറ്റ് പഠനകേന്ദ്രങ്ങളുമായി കൂട്ടിച്ചേർത്ത് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതാണ്, അങ്ങനെ കൂട്ടിച്ചേർക്കുമ്പോഴും കുറഞ്ഞത് 35 വിദ്യാർത്ഥികൾ ഇല്ലാത്തപക്ഷം ജില്ലയിലെ ഓപ്പൺ റഗുലർ കോഴ്സ് നടക്കുന്നതും മാത്തമാറ്റിക്സ് വിഷയം ഉള്ളതുമായ കേന്ദ്രം, പഠനകേന്ദ്രമായി അനുവദിക്കേണ്ടതാണ്.

Generated from eOffice by APSARA A, C1 VHSE-, C1 VHSE, VOCATIONAL HIGHER SECONDARY EDUCATION DEPARTMENT on 01/08/2026 04:20 PM

പ്രസ്തുത ജില്ലയിൽ ഇത്തരം കേന്ദ്രം ഇല്ലാത്ത പക്ഷം സമീപ ജില്ലയിൽ സമാന രീതിയിലെ കേന്ദ്രം പഠനകേന്ദ്രമായി അനുവദിക്കേണ്ടതാണ്.

iv) പ്രസ്തുത പഠനകേന്ദ്രത്തിൽ പുറമേ നിന്ന് അധ്യാപകരുടെ സേവനം വിനിയോഗിക്കേണ്ടി വന്നാൽ നിർദ്ദിഷ്ട യോഗ്യതയുള്ള അധ്യാപകരുടെ സേവനം വിനിയോഗിക്കേണ്ടതാണ്.

v) പഠനകേന്ദ്രം അനുവദിക്കുന്നതിനുള്ള പൂർണ്ണ അധികാരം സ്കോൾ-കേരളയിൽ നിക്ഷിപ്തമാണ്.

vi) പ്രാക്ടിക്കൽ ഉൾപ്പെടെയുള്ള സമ്പർക്ക ക്ലാസ്സുകൾ (ഒന്നും രണ്ടും വർഷങ്ങളിൽ 30 മണിക്കൂർ വീതം തിയറിയും രണ്ടാം വർഷം 20 മണിക്കൂർ പ്രാക്ടിക്കലും) ഒരു ദിവസം പരമാവധി 5 മണിക്കൂർ എന്ന ക്രമത്തിൽ രണ്ടു വർഷങ്ങളിലായി ആകെ 16 പൊതു അവധി ദിവസങ്ങളിൽ സംഘടിപ്പിക്കേണ്ടതാണ്.

vii) ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന്റെ പഠനകേന്ദ്രമായി പ്രവർത്തിക്കുന്ന, കുറഞ്ഞത് 35 വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്ത് പഠിക്കുന്ന കേന്ദ്രത്തിന് സമ്പർക്ക ക്ലാസ്സുകളുടെ സംഘാടന മേൽനോട്ടത്തിനും മറ്റും ചുവടെ പറയുന്ന നിരക്കുകളിൽ പ്രതിഫലം അനുവദിക്കേണ്ടതാണ്.

(എ) പ്രിൻസിപ്പാൾ - പ്രതിവർഷം 1000/- രൂപ നിരക്കിൽ രണ്ട് വർഷത്തേക്ക് പരമാവധി 2000/- രൂപ

(ബി) കോ- ഓർഡിനേറ്റിംഗ് ടീച്ചർ - പ്രതിവർഷം 500/- രൂപ നിരക്കിൽ രണ്ട് വർഷത്തേക്ക് പരമാവധി 1000/- രൂപ

(സി) അധ്യാപകർ - മണിക്കൂർ ഒന്നിന് 200/- രൂപ നിരക്കിൽ ഒന്നും രണ്ടും വർഷത്തേക്ക് ആകെ 80 മണിക്കൂറിന് പരമാവധി 16000/- രൂപ (30+30+20)

(ഡി) ഓഫീസ് അറ്റൻഡന്റ് - പ്രതിവർഷം 300/- രൂപ നിരക്കിൽ രണ്ട് വർഷത്തേക്ക് പരമാവധി 600/- രൂപ

(ഇ) സ്റ്റേഷനറി, കണ്ടിജൻസി ചാർജ്ജ് - പ്രതിവർഷം 200/- രൂപ നിരക്കിൽ രണ്ട് വർഷത്തേക്ക് പരമാവധി 400/- രൂപ

സമ്പർക്ക ക്ലാസ്സ് സംഘാടനം പൂർത്തിയാക്കി വിശദാംശങ്ങൾ നിർദ്ദിഷ്ട ഫാറങ്ങളിൽ ബന്ധപ്പെട്ട പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തി ലഭ്യമാക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് അർഹമായ പ്രതിഫലം ബാച്ചുകളുടെ എണ്ണത്തിനനുസൃതമായി വാർഷികാടിസ്ഥാനത്തിൽ അനുവദിക്കേണ്ടതാണ്. എന്നാൽ 35 ൽ കുറവ് പഠിതാക്കൾക്കായി പ്രവർത്തിപ്പിക്കുന്ന ഓപ്പൺ റഗുലർ കോഴ്സ് പഠനകേന്ദ്രത്തിന് മേൽപ്പറഞ്ഞ (സി) നിരക്കിലെ പ്രതിഫലം മാത്രം അനുവദിക്കേണ്ടതാണ്.

viii) പഠനകേന്ദ്രം അനുവദിക്കുന്ന കാര്യത്തിൽ വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ അതേപടി നിലനിർത്തേണ്ടതാണ്. അതോടൊപ്പം മേൽപ്പറഞ്ഞ മറ്റ് എല്ലാ വ്യവസ്ഥകളും അടുത്ത അധ്യയനവർഷം മുതൽ (2026-27) വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിനും ബാധകമാക്കേണ്ടതുമാണ്.

15

ix) സർക്കാർ അംഗീകരിച്ച ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന്റെ പദ്ധതിരേഖ പ്രകാരം സ്വയംപഠന സഹായികൾ അനുവദിക്കുന്ന രീതിയിൽ വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കും സ്വയംപഠന സഹായികൾ അനുവദിക്കേണ്ടതാണ്.

x) മേൽപ്പറഞ്ഞ പ്രകാരം, കോഴ്സ് സംഘാടനം, അതിന്റെ പ്രതിഫലം അനുവദിക്കൽ, പഠന പിന്തുണ സേവനങ്ങൾ എന്നിവയ്ക്ക് വ്യവസ്ഥകൾ നിശ്ചയിച്ച് അവ ഏകീകരിച്ച് ഇരു കോഴ്സുകൾക്കും ബാധകമാക്കുന്നു. അതോടൊപ്പം ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന് രണ്ട് വർഷത്തേക്ക് സർക്കാർ അംഗീകരിച്ച ഫീസ് നിരക്കായ 1500/- രൂപ, വൊക്കേഷണൽ ഹയർസെക്കണ്ടറി അഡീഷണൽ മാത്തമാറ്റിക്സ് കോഴ്സിന് കൂടി 2026-27 അധ്യയനവർഷം മുതൽ ഏർപ്പെടുത്തേണ്ടതാണ്.

2) മേൽ വ്യവസ്ഥകൾക്കും പരാമർശം (1) (2) (3) നും അനുസൃതമായും ഇരു കോഴ്സുകളുടെയും നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖയും പി.സി.പി ഫോർമാറ്റുകളും പ്രോസ്പെക്ടസ്സും പഠന പരീക്ഷകേന്ദ്രങ്ങൾക്ക് നൽകേണ്ട നിർദ്ദേശങ്ങളും തയ്യാറാക്കി സമർപ്പിക്കുന്നതിന് കോഴ്സിന്റെ ചുമതല വഹിക്കുന്ന സംസ്ഥാന ഓഫീസിലെ ജില്ലാ കോഡിനേറ്റർ ശ്രീമതി. അമ്പിളി വി യെ ചുമതലപ്പെടുത്തുന്നു.

STATE COUNCIL FOR OPEN AND LIFELONG EDUCATION · KERALA · SCOLE-KERALA · Vidhya Bhavan Poojappura Thiruvananthapuram 695012

എക്സിക്യൂട്ടീവ് ഡയറക്ടർ

സഹീകർത്താവ്,

ശ്രീമതി. അമ്പിളി വി, ജില്ലാ കോഡിനേറ്റർ സംസ്ഥാന ഓഫീസ്

ശ്രീ. സാജുകുമാർ ജെ.എസ്, ഡി.എസ്.5 സെക്ഷൻ

പകർപ്പ്,

സെക്രട്ടറി, സ്കോൾ-കേരള

ഫിനാൻസ് ഓഫീസർ, സ്കോൾ-കേരള

ഡയറക്ടർമാർ, സ്കോൾ-കേരള

ജില്ലാ കോഡിനേറ്റർമാർ, സ്കോൾ-കേരള

അക്കാദമിക് അസോസിയേറ്റുമാർ, സ്കോൾ-കേരള

എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എ

കൃാഷ് സെക്ഷൻ, സ്കോൾ-കേരള

ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

File No. VHSE/2329/2026-C1 (Computer No. 1950975)
C1/SCOLE/A4/Proced-Mal/142
Generated from eOffice by APSARA A, C1 VHSE-, C1 VHSE, VOCATIONAL HIGHER SECONDARY EDUCATION DEPARTMENT on 01/08/2026 04:20 PM